ഭരണഭാഷ - മാതൃഭാഷ


| | |
|---|---|
| ചീഫ് എഞ്ചിനീയറുടെ കാര്യാലയം<br>ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് &<br>എഞ്ചിനീയറിംഗ് വിംഗ്<br>റവന്യൂ കോംപ്ലക്സ് മൂന്നാം നില<br>പബ്ലിക് ആഫീസ് ബിൽഡിംഗ്<br>തിരുവനന്തപുരം - 33 | ഫോൺ: 0471-2324951<br>0471-2325071<br>ടെലി ഫാക്സ് – 0471-2324951<br>ഇമെയിൽ -celsgd@gmail.com<br>വെബ് സൈറ്റ് www.celsgd.kerala.gov.in |


**നം: ഇ.14/4513/2018/സിഇ/തസ്വഭവ** **തീയതി: 09.12.2021**

## പരിപത്രം

വിഷയം: തസ്വഭവ (എൽ.ഐ.ഡി & ഇ.ഡബ്ല്യു)- എഞ്ചിനീയർമാർക്കുള്ള രണ്ട് ദിവസത്തെ Offline പരിശീലനം - സംബന്ധിച്ച്.

സൂചന : 07.12.2021 ലെ 1024/Min(LSGD),RD & EX)/2021(2) നം കത്ത്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ അധുനിക സാങ്കേതിക പരിജ്ഞാനവും, വൈദഗ്ദ്ധ്യവും പ്രോജക്ട് മാനേജ്മെന്റ് ശേഷിയും, മെച്ചപ്പെടുത്തുന്നതിനും ആയവ പ്രാദേശിക പദ്ധതികളുടെ മെച്ചപ്പെട്ട ആസൂത്രണത്തിനും, നിർവ്വഹണത്തിനും, വേണ്ടി പ്രയോജനപ്പെടുത്താൻ സാധിക്കും വിധം ഓൺലൈനായി നടത്തിയ പരിശീലന പരിപാടികളുടെ തുടർച്ചയായി 2021 ഡിസംബർ അവസാനവാരം-രണ്ട് ദിവസങ്ങളിലായി എറണാകുളം, തൃശ്ശൂർ ജില്ലകളിൽ വച്ച് കിലയുടെ ആഭിമുഖ്യത്തിൽ ഈ വകുപ്പിലെ എഞ്ചിനീയർമാർക്ക് നേരിട്ട് പരിശീലനം നടത്തുവാൻ ഉദ്ദേശിച്ചിരിക്കുന്നു അതാത് മേഖലയിലെ പ്രഗൽഭരായ എഞ്ചിനീയർമാർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതായിരുക്കും.

മേൽ പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള എഞ്ചിനീയർമാർ, തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള F-1134 -ൽ പേര് വിവരങ്ങൾ നൽകി 15.12.2021 നു 2.00pm മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഈ വകുപ്പിലെ എഞ്ചിനീയർമാർ ടി അവസരം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകളിൽ നിന്നും ടി പരിശീലനത്തിനു കുറഞ്ഞത് 20 പേർ വീതവും, മറ്റുജില്ലകളിൽ നിന്നും കുറഞ്ഞത് 30 പേർ വീതവും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ഉത്തരമേഖല, ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ എന്നിവർ നിരീക്ഷിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

പരിശീലനം സംബന്ധിച്ച വിശദ വിവരം യഥാസമയം അറിയിക്കുന്നതാണ്.

**Link to Form - F-1134**

ചീഫ് എഞ്ചിനീയർ

LA